

# സേവിയൂർ സെന്റ് സേവ്യർ ഇടവക

പുത്തൻചിറ തെക്കേ അറ്റത്തായി സ്ഥിതി ചെയ്യുന്ന സേവിയൂർ (മുട്ടിക്കൽ) പ്രദേശം മൂന്നു ഭാഗത്തും കായലാൽ ചുറ്റപ്പെട്ടുകിടക്കുന്നു.

ആദ്യകാലത്ത് പുത്തൻചിറ ഇടവകക്കാരായിരുന്ന ഇവിടത്തുകാർ ജലമാർഗ്ഗമായോ കരമാർഗ്ഗമായോ പള്ളിയിൽ തിരുക്കർമ്മങ്ങൾക്കായി പോയിരുന്നു. ആശാന്മാരെ വരുത്തി കുട്ടികളെ പഠിപ്പിച്ചിരുന്നു. പിന്നീട് വരമൊഴി പഠിപ്പിക്കാൻ നിശ്ചയിച്ച് ഒരു സമുദായം രൂപീകരിക്കുകയും അതിന്റെ നടത്തിപ്പുകാരായി ശ്രീ. മേയ്ക്കാട്ടുപറമ്പിൽ മത്തായി ചുമ്മാരുവിനെയും ശ്രീ. എലിഞ്ഞിപ്പിള്ളി തൊമ്മൻ അന്തോണിയെയും ചുമതലപ്പെടുത്തുകയും ചെയ്തു. 1899-ൽ ഇവരുടെ പേരിൽ 4 സെന്റ് ഭൂമി മലയാളം പള്ളി സ്ക്കളിനായി വാങ്ങുകയും നിലത്തെഴുത്ത് ആരംഭിക്കുയും ചെയ്തു. 1900-ൽ 50 സെന്റ് സ്ഥലം ഒരു കുരിശുപള്ളിക്കുവേണ്ടി വാങ്ങി. അതിൽ വച്ചു കെട്ടിയ ഓലപ്പുരയിൽ പ്രാർത്ഥനകളും വണക്കമാസ വായനകളും നടത്തിപ്പോരുകയും ചെയ്തു. എഴുത്തു പള്ളിയും കുരിശുപള്ളിയും മുട്ടിക്കൽ (സേവിയൂർ) ദേശക്കാരിൽ അവബോധവും ആത്മീയതയും വളർത്തി.

## ദേവാലയം, ഇടവക

ബഹു. ജോസഫ് വിതയത്തിലച്ചനുശേഷം പുത്തൻചിറ വികാരിയായിരുന്ന ബഹു. ജോസഫ് കയ്യാലകം അച്ചന്റെ കാലത്ത് 1923 മേയ്മാസത്തിൽ പുതിയ കുരിശുപള്ളിക്കുവേണ്ടി, താത്ക്കാലിക കുരിശുപള്ളിയോട് ചേർന്നുകിടന്ന ശ്രീ. മേയ്ക്കാട്ടുപറമ്പിൽ മാത്തു തോമന്റെയും മാത്തു ഔസേപ്പിന്റെയും സ്ഥലങ്ങൾ പള്ളിക്ക് ദാനമായി വിട്ടുകൊടുത്തു. ഇതോടെ പുതിയ പള്ളിക്കുവേണ്ട എല്ലാ ശ്രമങ്ങളും ആരംഭിച്ചു. 66 കുടുംബക്കാരുടെ അശ്രാന്തപരിശ്രമഫലമായി ഒരു കൊച്ചുദേവാലയം പണികഴിപ്പിച്ചു. അന്നത്തെ തൃശ്ശൂർ രൂപതാമെത്രാൻ മാർ ഫ്രാൻസിസ് വാഴപ്പിള്ളി പിതാവിൽ നിന്ന് അനുമതി (Order No. 171 dated 27.4.1925) ലഭിച്ചതനുസരിച്ച് 1925 മേയ് 7-ാം തിയ്യതി പള്ളി വെഞ്ചിരിച്ചു. ഫ്രാൻസിസ് ശൗര്യാർ പുണ്യവാനെ പള്ളിയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായി പ്രതിഷ്ഠിച്ചു. പിന്നീട് പള്ളിമേടയും പണിതു. 10.12.1928-ൽ സ്വതന്ത്ര ഇടവകയായിത്തീർന്നു (Order No. 330). പുത്തൻചിറ പള്ളിയിൽ നിന്ന് അച്ചന്മാർ വന്ന് ആവശ്യാനുസരണം തിരുക്കർമ്മങ്ങൾ നടത്തിയിരുന്നു. 1940-ലാണ് വൈദിക മന്ദിരം നിർമ്മിച്ചത്.

## സ്ഥിരവാസമുള്ള വികാരി

1941 ജനുവരി മാസം മുതൽ ബഹു. ആലപ്പാട്ട് പൗലോസ് അച്ചനെ മുട്ടിക്കൽ പള്ളിയുടെ ആദ്യത്തെ സ്ഥിരം വികാരിയായി നിയമിച്ചു. അദ്ദേഹം ഇടവക മദ്ധ്യസ്ഥനായ ഫ്രാൻസിസ് സേവിയർ പുണ്യവാന്റെ അത്ഭുതദർശനത്താൽ പ്രേരിതനായി, ഇടവകയുടെ പേര് "സേവിയൂർ" എന്ന് വിളിക്കണമെന്ന് രൂപതാധികാരികൾക്കും സർക്കാർ അധികൃതർക്കും ഹർജികൾ അയച്ചു. തത്ഫലമായി രൂപതയിലെ 14.3.1941-ലെ 429-ാം നമ്പർ കല്പനപ്രകാരം ഇടവകയെ "സേവിയൂർ" എന്ന് നാമകരണം ചെയ്തുകൊണ്ട് ഉത്തരവുണ്ടായി. അന്നു മുതൽ മുട്ടിക്കൽ പ്രദേശം വി.ഫ്രാൻസിസ് സേവ്യറിനോട് ബന്ധപ്പെട്ട് "സേവിയൂർ" എന്ന് അറിയപ്പെടാൻ തുടങ്ങി. 1941-ൽ പുതിയ പള്ളി പണിയാൻ തീരുമാനിച്ചെങ്കിലും സാമ്പത്തിക ക്ലേശംമൂലം പിന്മാറി. എന്നാൽ, അന്നത്തെ പള്ളിക്ക് ഇരുഭാഗത്തുമായി വിങ്ങുകൾ പണിയുകയും സങ്കീർത്തിമുറി പണിത്, പള്ളി ഓടുമേഞ്ഞ് നവീകരിക്കുകയും ചെയ്തു. പിന്നീട് ഈ പ്രദേശത്ത് താമസമാക്കിയ ലത്തീൻ കത്തോലിക്കർക്കുവേണ്ടി സ്ഥാപിതമായ ദേവാലയം ഇപ്പോൾ മുട്ടിക്കൽ പള്ളി എന്ന പേരിലാണ് അറിയപ്പെടുന്നത്.

## കോൺവെന്റ് & സ്കൂൾ

ഈ പ്രദേശത്തെ മലയാളം പള്ളിസ്കൂൾ കൂടുതൽ കാര്യക്ഷമമായി നടത്താൻവേണ്ടി 1951-ൽ സ്ഥലം വാങ്ങിയെങ്കിലും പുത്തൻചിറ തിരുക്കുടുംബ മഠക്കാരുടെ അപേക്ഷപ്രകാരം സ്കൂൾ നടത്തിപ്പ് സോപാധികം അവർക്ക് വിട്ടുകൊടുക്കുകയാണുണ്ടായത്. 1952 ജൂൺ 2-ന് ബഹു. മദർ ഫ്രാൻസിസ്കായുടെ നേതൃത്വത്തിൽ ഇടവകയിലെ സെന്റ് ജോർജ്ജസ് കോൺവെന്റും പ്രധാന അധ്യാപികയായ ബഹു. അന്ന ജോസഫീന അമ്മയുടെ മേൽനോട്ടത്തിൽ സെന്റ് ഫ്രാൻസിസ് എൽ.പി. സ്കൂളും സ്ഥാപി



സെന്റ് ജോർജ്ജ് സി.എച്ച്.എഫ്. കോൺവെന്റ്



സെന്റ് സേവിയേഴ്സ് എൽ.പി. സ്കൂൾ

തമായി. സ്കൂളിലാണ് മതബോധനക്ലാസുകൾ സൗകര്യാർത്ഥം നടത്തുന്നത്.

## ദേവാലയപുനർനിർമ്മാണം

1960 ഒക്ടോബർ 2-ാം തിയ്യതി വികാരി ബഹു. ജേക്കബ് പുലിക്കോട്ടിലച്ചന്റെ (Sr.) അദ്ധ്യക്ഷതയിൽ കൂടിയ പള്ളിയോഗത്തിൽ പുതിയ പള്ളി പണിയുവാൻ നിശ്ചയിച്ചു. തുടർന്ന് വന്ന വികാരി ബഹു. മാത്യു കിടങ്ങനച്ചന്റെ നേതൃത്വത്തിൽ 15.10.1961-ൽ പള്ളി നിർമ്മാണക്കമ്മിറ്റിക്ക് രൂപംനല്കി, ഫണ്ട് സ്വരൂപീക്കാൻ തുടങ്ങി. 1961 ഒക്ടോബർ 22-ാം തിയ്യതി അഭിവന്ദ്യ ജോർജ്ജ് ആലപ്പാട്ട് തിരുമേനി പള്ളിയുടെ കല്ലിടൽ കർമ്മം നിർവ്വഹിച്ചു. ബഹു. കിടങ്ങനച്ചന്റെ നേതൃത്വത്തിൽ പള്ളിപണി പൂർത്തീകരിക്കുകയും 23.12.1963-ൽ അഭിവന്ദ്യ ആലപ്പാട്ട് പിതാവുതന്നെ ആശീർവാദകർമ്മം നിർവ്വഹിക്കുകയും ചെയ്തു. 1983-ൽ ആണ് കുടുംബസമ്മേളന യൂണിറ്റുകൾ ഇടവകയിൽ ആരംഭിച്ചത്. വിവിധ സംഘടനകൾ സജീവമായി മുന്നേറുന്നു.

## പുതിയ വൈദികമന്ദിരം

വൈദികമന്ദിരവും പുതുക്കിപ്പണിയേണ്ടിയിരുന്നു. തുടർന്ന് വികാരിയായി വന്ന ബഹു. ജേക്കബ് വേഴപ്പറമ്പിലച്ചന്റെ നേതൃത്വത്തിൽ പുതിയ വൈദി



വൈദിക മന്ദിരം

കമന്ദിരത്തിന്റെ പണി ആരംഭിക്കുകയും ബഹു. പോൾ പെല്ലിശ്ശേരിയച്ചന്റെ കാലത്ത് 1969-ൽ പൂർത്തീകരിച്ച് വെഞ്ചിരിക്കുകയും ചെയ്തു.



മതബോധനഹാൾ

## കപ്പേളകൾ

1964-ൽ പള്ളിയുടെ മുന്നിൽ എതിർവശത്തായി, സ്ഥലത്തെ സെന്റ് ജോർജ്ജ് മഠക്കാർ വിട്ടുതന്ന സ്ഥലത്താണ് കുരിശടി സ്ഥാപിച്ചിരിക്കുന്നത്. കൊമ്പത്തുകടവ് ജംഗ്ഷനിൽ ശ്രീ. ചേലക്കാട്ടുപറമ്പിൽ തോമൻ ലോനൻ ദാനം ചെയ്ത സ്ഥലത്ത് 1971-ൽ ശൗര്യാർ പുണ്യവാന്റെ സ്തംഭം സ്ഥാപിച്ചത്, ബഹു. ജോസ് കാവുങ്കലച്ചന്റെ ഉത്സാഹത്താലാണ്. ബഹു. ഡേവിസ് കുടിയിരിക്കൽ അച്ചന്റെ കാലത്ത് വി. അന്തോണീസിന്റെ നാമധേയത്തിൽ പണിതീർത്ത കപ്പേള (സെന്റ് സേവ്യർ യൂണിറ്റിൽ) 1994 ഡിസംബർ മാസത്തിൽ ഇരിങ്ങാലക്കുട മെത്രാൻ മാർ ജെയിംസ് പഴയാറ്റിൽ ആശീർവദിച്ചു. ബഹു. ഡേവിസ് കളപ്പുരയ്ക്കലച്ചൻ വികാരിയായിരുന്നപ്പോൾ ശ്രീ. പട്ടേരി പൗലോസ് വിൻസെന്റിന്റെ സാമ്പത്തിക സഹായത്തോടെ പള്ളിയുടെ മുൻവശത്ത് നിർമ്മിച്ച സെന്റ് സേവ്യർ കപ്പേള 1997 നവംബർ 28-ന് അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവ് വെഞ്ചിരിച്ചു.



സെന്റ് ആന്റണീസ് കപ്പേള



സെന്റ് സേവിയർ സ്തംഭം

## പാരിഷ്ഹാൾ

1988-ൽ വികാരിയായി വന്ന ബഹു. ആന്റണി മുക്കാട്ടുകരക്കാരനച്ചന്റെ നേതൃത്വത്തിൽ പാരിഷ്ഹാളിന്റെ പണി ആരംഭിച്ചു. 1992-ൽ ബഹു. ജോസഫ് വി. ചിറ്റിലപ്പിള്ളിയച്ചന്റെ കാലത്ത് പണിപൂർത്തീകരിക്കുകയും ചെയ്തു.

## ദേവാലയനവീകരണം, ഗ്രോട്ടോ

2008-ൽ വികാരി ബഹു. ജസ്റ്റിൻ വാഴപ്പിള്ളിയച്ചന്റെ നേതൃത്വത്തിൽ പള്ളിയുടെ ഉൾഭാഗം മദ്ബഹാ ഉൾപ്പെടെ മനോഹരമായി നവീകരിക്കുകയും 27.09.2008-ൽ അഭിവന്ദ്യ പിതാവ് പുനഃപ്രതിഷ്ഠ നടത്തുകയും ചെയ്തു. സംഭാവനയായി പണിതീർത്ത ഗ്രോട്ടോയുടെ വെഞ്ചരിപ്പ് മാർ ജെയിംസ് പഴയാറ്റിൽ പിതാവ് 2009 മെയ് 17-ന് നടത്തി.



പരി. ലൂർദ്ദ് മാതാവിന്റെ ഗ്രോട്ടോ